# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 04/2021
# 29.06.2021 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാറിപ്പോർട്ടിങ്
4. മെമ്പർഷിപ്പ്
5. യൂണിറ്റ് സന്ദർശനം
6. സംഘശബ്ദം
7. വനിതാസബ്കമ്മിറ്റി
8. എ.സി.എസ്.ആർ.
9. അക്കാദമിക്ക് കമ്മിറ്റി
10. എം.ബി.റ്റി.

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ.എം.സത്യൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീത നമ്പ്യാർ എം. കെ., ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, രഘുദാസ് പി. വി., ശശി സി. ടി., ഡോ. സുനിൽ വി. ടി., ഡോ. പ്രിൻസ് പി. ആർ., സൗമ്യ എസ്, ഡോ. മാണിക്യരാജ് കെ., ഡോ. എം. എ. അസ്കർ., ഡോ. സുനിത എ. പി., ഡോ. ഷാനവാസ് പി. എച്ച്., ഡോ. ബേബി ഷീബ, ജിനീഷ് പി. എസ്., ഡോ. എം. എസ്. മുരളി, ഡോ. ജോജോമോൻ എൻ.എ., ഡോ. ബി. അശോക്, സജിത്ത് കുമാർ പി., രജിത സി. ആർ., ഡോ. എ. ബാലകൃഷ്ണൻ, ഡോ. പ്രദീപ് കുമാർ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, രഞ്ജിത് മോഹൻ പി., അബ്ദുൾ റഷീദ്, സുശാന്ത് ബി., ദിനേശ് പി. കെ., സോബിൻ വർഗീസ് എം വി, മഞ്ജുള കെ. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അലിക്കുട്ടി സി., ഡോ. റോസ്നികസ് പി. കെ., ഡോ. വിഷ്ണു വി.എസ്., ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ഗ്രേഷ്യസ് ജെ., ഡോ. സെനോ ജോസ്, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. ബി. ഉണ്ണികൃഷ്ണൻ നായർ, ജയരാജ് ജെ., ഡോ. റിജുലാൽ ജി., ഡോ. ചന്ദ്രമോഹൻ കെ. ടി., രാജു. എം. സി.,

വൈകിട്ട് 7.00ന് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. എൻ. മനോജ് ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. എം. സത്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ഡോ. മുഹമ്മദ് റഫീഖ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

എകെജിസിടി മുൻ സംസ്ഥാന വൈസ്പ്രസിഡണ്ട്, സംസ്ഥാന പ്രവർത്തക സമിതി അംഗം, അക്കാദമിക്ക് കമ്മിറ്റി ചെയർമാൻ, കൊല്ലം ജില്ലാസെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന ഡോ. എസ് സതീഷ്കുമാർ, തൃപ്പൂണിത്തുറ ഗവൺമെൻറ് കോളേജിലെ എക്കണോമിക്സ് വിഭാഗം അധ്യാപകനും നമ്മുടെ

സംഘടനാംഗവുമായിരുന്ന സി.ഡി.ചെറിയാൻ, അഖിലേന്ത്യ ജനാധിപത്യ മഹിള അസോസിയേഷൻ മുൻ ദേശീയ വൈസ് പ്രസിഡണ്ട് മൈഥിലി ശിവരാമൻ, കാർട്ടൂണിസ്റ്റ് ഇബ്രാഹിം ബാദുഷ, ചലച്ചിത്രകാരൻ ബുദ്ധദേബ് ദാസ് ഗുപ്ത, ബോക്സിങ് താരം ഡിങ്കോ സിംഗ്, രസതന്ത്രനോബൽ സമ്മാന ജേതാവ് നിഗേഷി, നാടകകൃത്ത് എ. ശാന്തകുമാർ, ഇന്ത്യൻ കായിക രംഗത്തെ അതുല്ല്യ പ്രതിഭ മിൽഖാ സിംഗ്, കവിയും ഗാനരചയിതാവുമായ എസ്. രമേശൻ നായർ, ഗാനരചയിതാവ് പൂവച്ചൽ ഖാദർ, കർണാടക സംഗീതജ്ഞ പത്മശ്രീ പാറശ്ശാല പൊന്നമ്മാൾ, ഛായാഗ്രാഹകനും, സംവിധായകനും, പ്രശസ്ത ഫോട്ടോഗ്രാഫറുമായ ശിവൻ, മഹാരാഷ്ട്രയിലെ കെമിക്കൽ പ്ലാന്റിലുണ്ടായ അപകടത്തിൽ മരണമടഞ്ഞവർ, കോവിഡ് മഹാമാരിയിൽ അകപ്പെട്ട നമ്മെ വിട്ടുപിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ, കഴിഞ്ഞ സംസ്ഥാനപ്രവർത്തകസമിതി യോഗം ചേർന്നത് 27-5-2021ന് ആയിരുന്നു. ബ്ലെൻഡഡ് ലേണിങ്ങുമായി ബന്ധപ്പെട്ട് യു.ജി.സി. ഇറക്കിയ ഗൈഡ്ലൈൻസിൽ നമ്മുടെ അഭിപ്രായം സ്വരൂപിക്കുക എന്നതായിരുന്നു പ്രധാന അജണ്ട. അക്കാദമിക്ക് കമ്മിറ്റി ചെയർമാൻ ഡോ. വിഷ്ണു വി. എസ് അവതരിപ്പിച്ച റിപ്പോർട്ട് സംസ്ഥാനപ്രവർത്തകസമിതി അംഗങ്ങൾ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് യുജിസിക്ക് അയച്ചുകൊടുക്കുകയും ജൂൺ മൂന്നാം തീയതി ചേർന്ന ഹയർ എജുക്കേഷൻ കൗൺസിൽ വിളിച്ചുചേർത്ത സംഘടനകളുടെ യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു.

ജൂൺ നാലിന് പ്രൊഫ. വി. എ. എബ്രഹാം അനുസ്മരണം കോഴിക്കോട് ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സമുചിതമായി നടത്തി. രാജ്യസഭാ എം.പി. ഡോ. വി ശിവദാസൻ പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്യുകയും ലക്ഷദ്വീപ് പ്രശ്നത്തെ മുൻനിർത്തി പ്രഭാഷണം നടത്തുകയും ചെയ്തു. ഈ യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. എം. സത്യൻ പങ്കെടുത്തു. ജൂൺ അഞ്ചിന് തിരുവനന്തപുരം ജില്ലാ കമ്മിറ്റിയും ബാലസംഘവും പു.ക.സ.യും സംയുക്തമായി സംഘടിപ്പിച്ച പ്രൊഫ. എ. സുധാകരൻ അനുസ്മരണ പരിപാടിയിൽ തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ. എ. ബാലകൃഷ്ണനും, സംസ്ഥാന പ്രവർത്തക സമിതി അംഗം ഡോ. വി. ടി. സുനിലും പങ്കെടുത്തുസംസാരിച്ചു.

സ്പാർക്കുമായി ബന്ധപ്പെട്ട് നമ്മുടെ മേഖലയിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ധനകാര്യവകുപ്പ് മന്ത്രിക്ക് സംഘടന കത്ത് നൽകിയിട്ടുണ്ട്. ഇതിൽ അനുകൂലമായ നടപടികൾ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. യു.ജി.സി. ഏഴാം പദ്ധതിപ്രകാരമുള്ള ശമ്പള അരിയർ പ്രോസസ് ചെയ്ത് ബിൽ സബ്മിറ്റ് ചെയ്യുമ്പോൾ ചില ട്രഷറികൾ ഒബ്ജക്ഷൻ ഉന്നയിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് എല്ലാ ട്രഷറികൾക്കും അരിയർ വിതരണം തടസ്സമില്ലാതെ നൽകുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യവകുപ്പ് മന്ത്രിക്ക് സംഘടന കത്ത് നൽകിയിരുന്നു. ഇക്കാര്യത്തിലും ഉടൻ തീരുമാനമാകുമെന്ന് കരുതുന്നു. സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്ക് ഏഴാം പദ്ധതി പ്രകാരമുള്ള

ശമ്പളം ലഭിക്കാത്തതിനെ സംബന്ധിച്ച് നമ്മൾ ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിക്കും, ധനകാര്യവകുപ്പ് മന്ത്രിക്കും കത്ത് നൽകിയിട്ടുണ്ട്.

പ്രൊഫസർഷിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ പരമാവധി അധ്യാപകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ തയ്യാറാക്കപ്പെടുവാൻ വേണ്ട ഇടപെടൽ സംഘടന നടത്തുന്നുണ്ട്. സർക്കാർകോളേജ് പ്രിൻസിപ്പാൾ നിയമനം സംബന്ധിച്ച് കോടതിയിൽ നിലനിൽക്കുന്ന കേസ് ഇനിയും തീരുമാനം ആയിട്ടില്ല. നിലവിൽ 50നു മുകളിൽ സർക്കാർ കോളജുകളിൽ പ്രിൻസിപ്പാൾ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇത് കോളജുകളുടെ അക്കാദമികവും ഭരണപരവുമായ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ കോടതിവിധിക്ക് വിധേയമാകുന്ന രീതിയിൽ താൽക്കാലികമായി സീനിയോറിറ്റി അടിസ്ഥാനത്തിൽ പ്രിൻസിപ്പാൾനിയമനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ നേരിട്ട് കണ്ട് കാര്യം ബോധിപ്പിക്കുകയും കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകനിയമനവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസവകുപ്പ് ഇറക്കിയ ഉത്തരവിലെ പിശക് തിരുത്തി കോളേജ് വിദ്യാഭ്യാസ വകുപ്പിന് സർക്കാർ കത്ത് നൽകിയിട്ടുണ്ട്. അതിൽ ആയിരം കുട്ടികൾ എന്നത് അധിക തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായതാണ് എന്ന് തിരുത്തിയിട്ടുണ്ട്. 23.02.2016 വരെ എയ്ഡഡ് കോളേജ് അധ്യാപകർക്ക് പ്ലെയിസ്മെന്റിൽ അനുവദിച്ച ഇളവ് സർക്കാർ കോളജ് അധ്യാപകർക്ക് കൂടി ബാധകമാക്കണമെന്ന കാര്യത്തിൽ സംഘടന ഇടപെട്ടിട്ടുണ്ട്. ഉടൻതന്നെ ഈ വിഷയം പരിഹരിക്കപ്പെടുമെന്നാണ് കരുതുന്നത്.

ഈ വർഷത്തെ ജനറൽ ട്രാൻസ്ഫർ സംബന്ധിച്ച് കോളേജ്‌വിദ്യാഭ്യാസ വകുപ്പിൽ സംഘടന ഇടപെട്ടിരുന്നു. ജൂലൈ 10നുള്ളിൽ കരട് പ്രസിദ്ധീകരിക്കാനുള്ള നടപടിക്രമങ്ങൾ മുന്നോട്ടു പോകുന്നുണ്ട്. പ്ലെയിസ്മെന്റുമായി ബന്ധപ്പെട്ട് 6000-7000, 7000-8000 ഗ്രേഡിലായി ആയി ഏകദേശം ആയിരത്തോളം അപേക്ഷകളും, അസോസിയേറ്റ് പ്രൊഫസമാരുടെ 180 അപേക്ഷകളും കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഉണ്ട്. അതിന്റെ പരിശോധനകൾ നടന്നുവരുന്നു. എ.ജി.യിൽ നിന്നും സർവീസ് ഡീറ്റെയിൽസ് കിട്ടുന്ന മുറയ്ക്ക് പ്ലെയിസ്മെന്റ് അനുവദിക്കുന്നതാണ്. അസോസിയേറ്റ് പ്രൊഫസർമാരുടെ സ്ക്രീനിങ് കമ്മിറ്റി ഓൺലൈനായി കൂടുന്ന കാര്യവും ആലോചിച്ചുവരുന്നുണ്ട്.

സർക്കാരിന്റെ വളരെ ക്രിയാത്മകമായ ഇടപെടലിന്റെ ഭാഗമായി വിവിധ സർവ്വകലാശാലകളുടെ പരീക്ഷകൾ ജൂൺ 28ന് തുടങ്ങിയിട്ടുണ്ട്. എല്ലാ സർവകലാ ശാലകളിലും ഇതുമായി ബന്ധപ്പെട്ട് സംഘടനകളുടെ യോഗം ചേർന്നിരുന്നു. അതിൽ സംഘടനാനേതൃത്വം വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. മുഴുവൻ സർവകലാശാലകളിലും പരീക്ഷാനടപടികൾ സുഗമമായി നടക്കുന്നുണ്ടെന്നാണ് മനസിലാകുന്നത്. പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം, ഫലപ്രഖ്യാപനം തുടങ്ങിയ കാര്യങ്ങളിൽ മുഴുവൻ അധ്യാപകരും പൂർണ്ണസഹകരണം നൽകണമെന്നാണ് സംഘടനയുടെ നിലപാട്.

മെമ്പർഷിപ്പ്, യൂണിറ്റ് വിസിറ്റ് തുടങ്ങിയ കാര്യങ്ങളിൽ അജണ്ടക്ക് അനുസരിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്ത് മുന്നോട്ട് പോകാം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാ റിപ്പോർട്ടിംഗ് നടത്തി. അതിനുശേഷം സംസ്ഥാനപ്രവർത്തകസമിതിഅംഗങ്ങൾ

ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും ഓരോ അജണ്ടയിൻമേലും വിശദമായ ചർച്ച നടന്നു. ഇതേതുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സ്പാർക്കുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിനും ഏഴാം ശമ്പളപരിഷ്കരണ വുമായി ബന്ധപ്പെട്ട അരിയർ തടസം കൂടാതെ ലഭിക്കുന്നതിനും വേണ്ട ഇടപെടൽ നടത്താൻ തീരുമാനിച്ചു.
2. ഏഴാം പദ്ധതിയുടെ അനോമലി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് യൂണിറ്റുകളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതിനായി ഒരു ജിമെയിൽ അക്കൗണ്ട് എടുക്കാനും, പരാതികൾ സ്വീകരിച്ച് സമയബന്ധിതമായി പരിഹാരം കാണാനും തീരുമാനിച്ചു.
3. കോവിഡ് പശ്ചാത്തലത്തിൽ മെമ്പർഷിപ്പ് തുക വർധിപ്പിക്കേണ്ടതില്ലെന്നും പഴയതുപോലെ ആയിരം രൂപതന്നെ മതി എന്നും തീരുമാനിച്ചു.
4. യൂണിറ്റ് സന്ദർശനം കോവിഡ് മാറിയശേഷം ഓഗസ്റ്റിൽ നടത്തുന്ന രീതിയിൽ ഷെഡ്യൂൾ ചെയ്താൽമതി എന്ന് ധാരണയായി. ഇതിനായി ജനറൽ സെക്രട്ടറി പ്രസിഡണ്ട്, ട്രഷറർ എന്നിവരെ സംസ്ഥാനപ്രവർത്തകസമിതി യോഗം ചുമതലപ്പെടുത്തി.
5. സ്ത്രീകൾക്ക് നേരെ വർധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ വനിതാ സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലപ്രതിഷേധം നടത്താൻ തീരുമാനമെടുത്തു.
6. സർക്കാർ കോളേജ് പ്രിൻസിപ്പൽമാർക്ക് ഏഴാം പദ്ധതി പ്രകാരമുള്ള ശമ്പളം ലഭിക്കുന്നതിനും 2016 ജനുവരി 1നു ശേഷം വിരമിച്ച അധ്യാപകർക്ക് ഏഴാം പദ്ധതിപ്രകാരമുള്ള പെൻഷൻ പരിഷ്ക്കരണം നടത്തുന്നതിനും ആവശ്യമായ ഇടപെടൽ നടത്താൻ തീരുമാനിച്ചു.

യോഗം രാത്രി 9.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം　　　　　　　　　　ഡോ. എം. സത്യൻ
29-06-2021　　　　　　　　　　ജനറൽ സെക്രട്ടറി